കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN :U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (SCM) &

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ഫോൺ +91 9446008137, ഇ-മെയിൽ : safetykseb@gmail.com, വെബ് സൈറ്റ് : www.kseb.in

ഊർജ്ജ കേരള മിഷൻ

നമ്പർ:- സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിട്ട്സ്/2023-24/23 തീയതി: /04/2023

30-03-2023-ന പകൽ 10.00 ന വീഡിയോ കോൺഫറൻസ് മുഖേന കൂടിയ പതിനാലാമത് സംസ്ഥാന തല സുരക്ഷാ യോഗത്തിന്റെ നടപടികുറിപ്പ്

(1) ശ്രീ ആനന്ദ് എസ് ആർ , ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് ആൻഡ് സേഫ്റ്റി)

(2) ശ്രീ സുരേന്ദ്ര പി, ചീഫ് എഞ്ചിനീയർ (SCM) & ചീഫ് സേഫ്റ്റി കമ്മീഷണർ

(3) ശ്രീമതി ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

(4) ശ്രീ നടരാജ് കെ പി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

(5) ശ്രീ എൻ സന്തോഷ് കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

(6) ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

(7) ശ്രീമതി സുനിത ജോസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

(8) ശ്രീമതി എ ലീലാമ്മ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

(9) ശ്രീ മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

(10) ശ്രീമതി സാജമ്മ ജെ പുന്നൂസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

(11) ശ്രീ റാം മഹേഷ് R, ചീഫ് പേഴ്സണൽ ഓഫീസർ

(12) ശ്രീമതി സജിത കുമാരി ടി എസ്, ടി എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)

(13) ശ്രീ ചന്ദ്രൻ എം , TA to Director(REES, SOURA,NILAAVU,Sports and Welfare)

(14) ശ്രീ ഷിബു എസ് എസ് , അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, O/o Director (Generation Electrical & HRM)

(15) ശ്രീമതി മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(16) ശ്രീ ഉണ്ണികൃഷ്ണൻ നായർ , KSEBWA

(17) ശ്രീ സനൽ കുമാർ എസ് , KSEBWA

(18) ശ്രീ രാധാകൃഷ്ണൻ നായർ , KSEB Officers Sangh

(19) ശ്രീമതി സരസ്വതി , KSEB Officers Sangh

(20) ശ്രീ പ്രകാശ് കുമാർ ,പി ടി , KSEBOA

(21) ശ്രീ മുഹമ്മദ് റാഫി , KSEBEA

(22) ശ്രീ രാഗേഷ് ആർ , KPBOF

(23) ശ്രീ അബിൻ എസ് എസ് , KEOC

(24) ശ്രീ സുബ്രഹ്മണ്യൻ, KSEBOF

(25) ശ്രീ സുഭാഷ് ,KOWO

(26) ശ്രീമതി ഷംല എ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(27) ശ്രീ അനന്തകൃഷ്ണൻ എം ജി, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(28) ശ്രീമതി സന്ധ്യ ടി എസ്, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പകൽ 10.00 ന വീഡിയോ കോൺഫറൻസിംഗിലൂടെ യോഗനടപടികൾ ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് & സേഫ്റ്റി) സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ശ്രീ.ആനന്ദ്.എസ്.ആർ, ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് & സേഫ്റ്റി)

- അപകടങ്ങൾ ആവർത്തിച്ചു വരുന്ന സാഹചര്യത്തിൽ സുരക്ഷ ട്രെയിനിങ്ങുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചു.
- Fatal അപകടങ്ങൾ ചീഫ് വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുന്നതിന് Full Board മീറ്റിങ്ങിൽ തീരുമാനം ആയിട്ടുണ്ട്. കൂടാതെ സുരക്ഷാ വീഴ്ചകൾ മൂലം സംഭവിക്കുന്ന അപകടങ്ങൾക്ക് ഉത്തരവാദിയായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തീരുമാനം ആയിട്ടുണ്ട്.

ചീഫ് സേഫ്റ്റി കമ്മീഷണർ

- Safety Assessment Committee നോർത്ത്, നോർത്ത് മലബാർ മേഖലകളിൽ ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്.

- മിക്ക സെക്ഷൻ ഓഫീസുകളും സുരക്ഷ പാലിച്ചുകൊണ്ടാണ് പ്രവർത്തിച്ച് വരുന്നത് എന്ന് ഇൻസ്പെക്ഷനുകളിൽ നിന്ന് മനസ്സിലായിട്ടുണ്ട് .എന്നാൽ ചില സെക്ഷൻ ഓഫീസുകൾ ചിട്ടയായി പ്രവർത്തിക്കുന്നില്ല .ഇത്തരം ഓഫീസുകളിൽ ആണ് അപകടങ്ങൾ സംഭവിക്കുന്നത് .ഈ ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി അവയുടെ നിലവാരം ഉയർത്തുന്നതിന് നമുക്ക് സാധിക്കണം.
- ഫീൽഡ് ജീവനക്കാർ ശരിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ജോലി ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് സുരക്ഷാ വിഭാഗത്തോടൊപ്പം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർമാർ, സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ എന്നിവരുടെ ശക്തമായ ഇടപെടലുകളും ആവശ്യമാണ്.
- ലൈൻ പെട്രോളിംഗ് കൃത്യമായി സംഘടിപ്പിക്കുവാൻ നിർദ്ദേശിച്ചു.
- കൂടാതെ പൊതുജന ബോധവൽക്കരണ പരിപാടികൾ ജനങ്ങളിലേക്ക് പൂർണമായി എത്തിക്കുന്നതിന് LSGD, Agriculture Dept., Education Dept., Residence association, Janamaithri Police, കുടുംബശ്രീ എന്നീ വിഭാഗങ്ങളിലെ തിരഞ്ഞെടുത്ത ജീവനക്കാർക്ക് TOT ട്രെയിനിംഗുകൾ സർക്കിൾ തലത്തിൽ സംഘടിപ്പിക്കുവാൻ നിർദ്ദേശിച്ചു.
- വൈദ്യുത പ്രതിഷ്ഠാപനങ്ങൾക്ക് സമീപം അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകൾ നീക്കം ചെയ്യുന്ന പ്രവർത്തി ഊർജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകി.
- സേഫ്റ്റി കിറ്റുകളുടെ ഭാരം കുറയ്ക്കുന്നതിനായി പല ഓഫീസുകളിൽ നിന്നും ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്.
- ഇലക്ട്രിസിറ്റി വർക്കർമാർക്കും സേഫ്റ്റി കിറ്റ് ലഭ്യമാക്കേണ്ടതാണെന്ന അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്.
- കൂടാതെ ലൈൻമാൻമാർക്ക് ഇലക്ട്രിക് സ്കൂട്ടർ വാങ്ങി നൽകണമെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ട്.
- മീറ്റിംഗ് റിവ്യൂ കാലയളവിൽ പൊതുജനങ്ങൾക്ക് കൂടുതലായി അപകടമരണങ്ങൾ സംഭവിച്ചു.
- മുൻ ചീഫ് സേഫ്റ്റി കമ്മീഷണർ ആയിരുന്ന, ഡയറക്ടർ (REES,

SOURA,NILAAVU,Sports and Welfare) "വൈദ്യുത അപകടങ്ങൾ തൊഴിലിടങ്ങളിൽ വിശകലനവും പരിഹാരങ്ങളും " എന്ന ബുക്ക് പ്രകാശനം ചെയ്തിട്ടുണ്ട്.

- വൈദ്യുത ബന്ധം വിച്ഛേദിക്കാതെ ലൈനുകളിൽ ജോലി ചെയ്യുന്നതുമൂലം ജീവനക്കാർക്ക് സംഭവിക്കുന്ന അപകടങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതാണ്.

മീറ്റിംഗിനോടനുബന്ധിച്ച് പവർ പോയിൻറ് പ്രസന്റേഷൻ അവതരിപ്പിക്കുന്നതിനായി സുരക്ഷാ വിഭാഗത്തിലെ അസിസ്റ്റൻറ് എൻജിനീയർ ശ്രീ അനന്തകൃഷ്ണനെ അധ്യക്ഷൻ ക്ഷണിച്ചു.

- യോഗത്തിന്റെ അജണ്ട
- 2022 നവംബർ മാസം മുതൽ 2023 ജനുവരി മാസം വരെ ബോർഡ് പ്രതിഷ്ഠാപനം, ഉപഭോക്തൃ ഇടം എന്നിവിടങ്ങളിൽ സംഭവിച്ച അപകടങ്ങൾ, മുൻ വർഷം ഇതേ കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണവും ആയുള്ള താരതമ്യം
- 2022 നവംബർ മാസം മുതൽ 2023 ജനുവരി മാസം വരെ ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ സംഭവിച്ച അപകടങ്ങളുടെ കാരണങ്ങൾ,2021ൽ ഇതേ കാരണങ്ങൾ മൂലം സംഭവിച്ച അപകടങ്ങളുടെ എണ്ണവുമായുള്ള താരതമ്യം
- മീറ്റിംഗ് റിവ്യൂ കാലയളവിൽ വിതരണ വിഭാഗം മേഖലകളിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണം സർക്കിളുകൾ തിരിച്ചുള്ള അവലോകനം
- മീറ്റിംഗ് റിവ്യൂ കാലയളവിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ
- മീറ്റിംഗ് റിവ്യൂ കാലയളവിൽ ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ നിന്നുണ്ടായ അപകടമരണങ്ങളുടെ വിശദമായ അവലോകനം
- വൈദ്യുത അറ്റകുറ്റപ്പണിക്കിടെ വൈദ്യുതാഘാതം മൂലം മീറ്റിംഗ് റിവ്യൂ കാലയളവിൽ സംഭവിച്ച മാരകമല്ലാത്ത അപകടങ്ങളുടെ വിശദമായ അവലോകനം.
- ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ

തുടങ്ങിയവ പവർ പോയിൻറ് പ്രസന്റേഷൻ വഴി അവതരിപ്പിച്ചു..

<u>ശ്രീമതി ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ</u>

- അപകടങ്ങളുടെ അവലോകനത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്

supervisory lapse, unauthorised work , അശ്രദ്ധ, അറിവില്ലായ്മ, അമിതമായ ആത്മവിശ്വാസം feeder arrangement-ൽ ധാരണക്കുറവ് തുടങ്ങിയവയാണ് അപകടങ്ങൾക്ക് വഴിയൊരുക്കുന്നത്. സുരക്ഷാ മുൻകരുതലുകൾക്ക് യാതൊരു പ്രാധാന്യം നൽകാത്തവർക്കാണ് അപകടങ്ങൾ സംഭവിക്കുന്നത്.

- ജീവനക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ പലതും താഴെത്തട്ട് വരെ എത്തുന്നില്ല എന്ന് അഭിപ്രായപ്പെട്ടു.
- ജിയോ പോളുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ലഭ്യമായ ലിസ്റ്റ് ജില്ലാ ഓഫീസുകളിൽ കൈമാറിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും .

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ

- ജനറേഷൻ മേഖലയിൽ മീറ്റിംഗ് റിവ്യൂ കാലയളവിൽ അപകടങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല .
- ജനറേഷൻ സേഫ്റ്റി മാനുവലിന്റെ സോഫ്റ്റ് കോപ്പി ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസിലേക്കും , ഹാർഡ് കോപ്പി ഡയറക്ടറുടെ ഓഫീസിലേക്കും അയച്ചിട്ടുണ്ട്
- സൺറൈസ് മീറ്റിങ്ങുകൾ, സുരക്ഷാ മീറ്റിങ്ങുകൾ ,സേഫ്റ്റി ട്രെയിനിങ് ക്ലാസുകൾ, ഫസ്റ്റ് എയ്ഡ്, ഫയർ ഫൈറ്റിംഗ് ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.
- ഇന്റർ ജനറേറ്റിങ് സ്റ്റേഷൻ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തുന്നുണ്ട്. ഇൻസ്പെക്ഷനുകളിൽ കണ്ടെത്തുന്ന അനോമലികൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.
- മോക്ക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നുണ്ട്.
- 12 മേജർ ജനറേറ്റിങ് സ്റ്റേഷനുകളും 1 No SHEP യും ഉൾപ്പെടെ സേഫ്റ്റി പ്രൊസീജിയറിന്റെ 13 മാനുവലുകൾ , ഹാർഡ് കോപ്പി രണ്ടെണ്ണം വീതം ജനറേഷൻ ഡയറക്ടറുടെ ഓഫീസിലേക്ക് അയച്ചിട്ടുണ്ട് .

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ സൗത്ത്

- മീറ്റിംഗ് കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങൾ വിശദീകരിച്ചു.
- ഇൻറർ ഡിവിഷൻ ഇൻസ്പെക്ഷനുകൾ ,ഇൻറർ സബ് ഡിവിഷൻ ഇൻസ്പെക്ഷനുകൾ, വർക്ക് സൈറ്റ് ഇൻസ്പെക്ഷനുകൾ, എന്നിവ കൂടുതലായി നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് .കൂടാതെ ഇൻസ്പെക്ഷനുകൾ കാര്യക്ഷമമായി നടത്തുവാനും നിർദ്ദേശം

നൽകിയിട്ടുണ്ട്.

- ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ മൂന്നുമാസം കൂടുമ്പോൾ മീറ്റിങ്ങുകൾ നടത്തി വിശകലനം നടത്തുന്നുണ്ട് .
- സേഫ്റ്റി മീറ്റിങ്ങുകൾ, സുരക്ഷാ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.
- സേഫ്റ്റി പോളിസി & സേഫ്റ്റി പ്രൊസീജിയറിന്റെ മോഡിഫിക്കേഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട് .

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ട്രാൻസ്മിഷൻ നോർത്ത്

- പാലക്കാട്, കഞ്ചിക്കോട് 220 കെവി സബ്സ്റ്റേഷനിൽ 110 kV LA മാറ്റുന്നതിനിടയിൽ കരാർ ജീവനക്കാരന് സംഭവിച്ച അപകടമരണം വിശദീകരിച്ചു. വിശദമായ അന്വേഷണം നടത്തുന്നതിന് പാലക്കാട് ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- മേഖലയ്ക്ക് കീഴിൽ നടത്തിയ സുരക്ഷ പ്രവർത്തനങ്ങൾ വിശദമായി അവതരിപ്പിച്ചു. അപകട മരണം റിപ്പോർട്ട് ചെയ്ത കഞ്ചിക്കോട് 220 kV സബ്സ്റ്റേഷനിൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് .പോരായ്മകൾ പരിഹരിച്ച് action taken റിപ്പോർട്ട് സമർപ്പിച്ചതായും അറിയിച്ചു .
- അരീക്കോട് സബ്സ്റ്റേഷനിൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നാണു ബോധ്യപ്പെട്ടിട്ടുള്ളത് .അരീക്കോട് സബ്സ്റ്റേഷൻ ജീവനക്കാർ പ്രശംസ അർഹിക്കുന്നതായും അറിയിച്ചു.
- നിശ്ചിത ഇടവേളകളിൽ സുരക്ഷാ പരിശോധനകൾ നടത്തുന്നത് സുരക്ഷാപ്രവർത്തനങ്ങൾക്ക് പുരോഗതി ഉണ്ടാക്കുന്നതായും അഭിപ്രായപ്പെട്ടു .

ചീഫ് സേഫ്റ്റി കമ്മീഷണർ

- പരിശോധനകൾ നടത്തി നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ അഭിനന്ദിക്കേണ്ടതാണെന്ന് അറിയിച്ചു .

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ സൗത്ത്

- മീറ്റിംഗ് റിവ്യൂ കാലയളവിൽ മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- നാലാഞ്ചിറ സെക്ഷന് കീഴിൽ ജീവനക്കാരന് സംഭവിച്ച അപകടമരണം വിശദീകരിച്ചു.

ഇന്റർ ലിങ്കിംഗ് പോസ്റ്റുകൾ പെയിൻറ് ചെയ്യുന്നതു കൂടാതെ ഇന്റർ ലിങ്കിംഗ് പോസ്റ്റുകളിൽ ഡെഡ് സ്പാൻ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

- Safety Policy &Safety Procedure, modification-നുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു .
- അനധികൃത കേബിളുകൾ നീക്കം ചെയ്യൽ, ഓപ്പറേഷൻ ശുദ്ധി സുരക്ഷാ പരിശോധനകൾ സുരക്ഷാ മീറ്റിങ്ങുകൾ, മൈക്ക് അനൗൺസ്മെൻറ്, ലഘുലേഖ വിതരണം ,സുരക്ഷ പോസ്റ്ററുകൾ പതിപ്പിക്കൽ എന്നിവ ചെയ്തു വരുന്നുണ്ട്.
- ഇ- വെഹിക്കിൾ ചാർജ് ചെയ്യുന്നതിനിടയിൽ കൺസ്യൂമർ പ്രിമിസസിൽ അപകടമരണം സംഭവിച്ചിട്ടുണ്ട് .
- ഡിവിഷൻ, സബ് ഡിവിഷൻ, സുരക്ഷാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കൃത്യമായി നടന്നു വരുന്നുണ്ട് .
- ELCB ഘടിപ്പിക്കാത്തത് മൂലം അപകടങ്ങൾ സംഭവിക്കുന്നതായി അറിയിച്ചു .

<u>ചീഫ് സേഫ്റ്റി കമ്മീഷണർ</u>

മേഖലയ്ക്ക് കീഴിൽ ജീവനക്കാർക്ക് കൂടുതലായി അപകടങ്ങൾ സംഭവിച്ചിട്ടുണ്ട് .

<u>ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ സെൻട്രൽ</u>

- മേഖലയ്ക്ക് കീഴിൽ പൊതുജനങ്ങൾക്ക് കൂടുതൽ അപകടങ്ങൾ സംഭവിച്ചിട്ടുണ്ട് .
- പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും പൊതുജനങ്ങൾക്ക് അപകടങ്ങൾ കൂടി വരുന്നുണ്ട്.
- ജീവനക്കാർക്ക് അപകടങ്ങൾ കൂടുതലായി സംഭവിക്കുന്നത് ബ്രേക്ക് ഡൗൺ വർക്കുകൾക്കിടയിലാണ് .

<u>ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ നോർത്ത്</u>

- മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സേഫ്റ്റി പോളിസിയുടെ മോഡിഫിക്കേഷനു മായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.
- വൈദ്യുത ലൈനുകൾക്ക് സമീപം മതിയായ ക്ലിയറൻസ് ഇല്ലാതെ സ്ഥാപിച്ചിരിക്കുന്ന ജിയോ പോസ്റ്റുകൾ നീക്കം ചെയ്യുന്ന പ്രവർത്തിയുടെ പുരോഗതി സർക്കിൾ തിരിച്ച് അവതരിപ്പിച്ചു .
- അനധികൃത കേബിളുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പുരോഗതി വിശദീകരിച്ചു.

- സ്പേയ്സർ ഇൻസ്റ്റലേഷൻ , സേഫ്റ്റി ഓഡിറ്റ് ,അപ്ഡേഷൻ ഓഫ് ഇൻറർ ലിങ്കിംഗ് പോസ്റ്റുകൾ , SLD അപ്ഡേഷൻ എന്നിവയുടെ പുരോഗതി വിശദീകരിച്ചു.
- PTW ഫോർമാറ്റ് ഏകീകൃതം ആകേണ്ടതുണ്ട് എന്ന് അഭിപ്രായപ്പെട്ടു.
- പൊതുജനങ്ങൾക്ക് സുരക്ഷ സർവ്വേക്ക് ഒരു ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട് .
- ഇൻറർ ലിങ്കിംഗ് പോസ്റ്റുകളും സോളാർ പോസ്റ്റുകളും ഒരുമ നെറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
- സർക്കിൾ തല സുരക്ഷാ മീറ്റിങ്ങുകളിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രതിനിധിയെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി കമ്മീഷണർ

- ആവശ്യമായ ലൈൻ ക്ലിയറൻസ് പാലിക്കാതെ സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകളുടെ ലിസ്റ്റ് അതാത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുകൾക്ക് കൈമാറണം .
- അനധികൃത കേബിളുകൾ നീക്കം ചെയ്യുന്ന പ്രവർത്തി ഊർജിതപ്പെടുത്തേണ്ടതാണ്.

TA to Director (Distribution & SCM)

PTW-ന്റെ ഏകീകൃത ഫോർമാറ്റ് Director (Distribution & SCM)-ഓഫീസിൽ നിന്ന് ലഭ്യമാക്കുന്നതായിരിക്കും.

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ നോർത്ത് മലബാർ

- മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .
- ടച്ചിങ് ക്ലിയറൻസ് വർക്കുകളുടെ പുരോഗതി സ്പേയ്സർ ഇൻസ്റ്റലേഷൻ ,സേഫ്റ്റി ഇൻസ്പെക്ഷൻ ,കുടുംബശ്രീ ,വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള പൊതുജന ബോധവൽക്കരണ പരിപാടികൾ ,സേഫ്റ്റി ഓഡിറ്റ് എന്നീ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിച്ചു .
- സൺറൈസ് മീറ്റിങ്ങുകളിൽ HT , LT ഫീഡിങ് അറേഞ്ച്മെന്റിനെ കുറിച്ച് വിശദീകരിക്കുന്നത് നന്നായിരിക്കും എന്ന് അഭിപ്രായപ്പെട്ടു .
- ഓൺ ഗ്രിഡ് സോളാർ പ്ലാന്റുകളുടെ ഐസലേറ്ററുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനായി ബോർഡ് ഉത്തരവ് ഉണ്ടായിരുന്നെങ്കിൽ നന്നായിരിക്കും എന്ന് അഭിപ്രായപ്പെട്ടു .
- കണ്ണൂർ -കാസർഗോഡ് മേഖലകളിലെ sag end branch ലൈനുകൾ 25-35sqmm LT ABC ഉപയോഗിച്ച് റീ കണ്ടക്ടറിംഗ് ചെയ്യുന്നതിന് സ്പെഷ്യൽ സ്കീം-നു അനുമതി

നൽകേണ്ടതാണ്.

- 50sqmm താഴെയുള്ള ABC കേബിളുകൾ സമഗ്രയിൽ സെലക്ട് ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

ചീഫ് സേഫ്റ്റി കമ്മീഷണർ

- ഉൾ പ്രദേശങ്ങളിലെ OH കണ്ടക്ടറുകൾ ABC കണ്ടക്ടറുകൾ ഉപയോഗിച്ച് റീ കണ്ടക്ടറിംഗ് നടത്തുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചു.
- സോളാർ പ്ലാന്റുകൾ ഘടിപ്പിച്ചിട്ടുള്ള എല്ലാ പോസ്റ്റുകളിലും സോളാർ ഐഡന്റിഫിക്കേഷൻ മാർക്ക് ചെയ്യേണ്ടതാണ്.
- പ്രസ്തുത വിഷയത്തിൽ TA to ഡയറക്ടർ റീസിന്റെ അഭിപ്രായം ആരാഞ്ഞു .

ടി എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)

സിംഗിൾ ഫേസ് AB കേബിളുകൾ ആവശ്യമുണ്ടെങ്കിൽ അറിയിക്കുവാൻ നിർദ്ദേശിച്ചു.

ചീഫ് പേഴ്സണൽ ഓഫീസർ

- മീറ്റിംഗ് റിവ്യൂ കാലയളവിൽ അപകടങ്ങളുമായി ബന്ധപ്പെട്ട് KSEBL നൽകിയ നഷ്ടപരിഹാരത്തുക വിശദീകരിച്ചു .
- അപകടങ്ങളുടെ റിപ്പോർട്ടുകളും മറ്റു വിവരങ്ങളും വിശദമായി പഠിച്ചതിനുശേഷം മാത്രമേ ശിക്ഷ നടപടികൾ നിശ്ചയിക്കുവാൻ പാടുള്ളൂ എന്ന് അഭിപ്രായപ്പെട്ടു .
- ഫെബ്രുവരി മാസം ഒന്നാം തീയതി എല്ലാ സംഘടന പ്രതിനിധികളെയും ഉൾപ്പെടുത്തി ഡയറക്ടർ വിളിച്ചുചേർത്ത യോഗത്തിൽ സുരക്ഷാ കമ്മറ്റി മീറ്റിങ്ങുകളിൽ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾക്കൊള്ളിക്കണം എന്ന ആവശ്യം ഉയർന്നു വന്നിരുന്നു .
- നിലവിലെ ബോർഡ് ഉത്തരവ് പ്രകാരം അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികൾക്ക് മാത്രമാണ് സുരക്ഷാ കമ്മിറ്റി മീറ്റിങ്ങുകളിൽ പങ്കെടുക്കുവാൻ അനുവാദം ഉള്ളത്. എല്ലാ സംഘടന പ്രതിനിധികളെയും സുരക്ഷാ കമ്മിറ്റി മീറ്റിങ്ങുകളിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ചു മറുപടി നൽകുന്നതിനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് കത്ത് ലഭിച്ചിരുന്നു .
- ഇന്നത്തെ യോഗത്തിൽ എല്ലാ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനം

എടുക്കുന്നതായിരിക്കും ഉചിതം എന്ന് അഭിപ്രായപ്പെട്ടു .പ്രസ്തുത വിഷയത്തിൽ സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞു .

- പൊതുജന ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുമ്പോൾ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ സാമൂഹിക മാധ്യമങ്ങൾ വഴിയും സുരക്ഷാ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട് .

ടി എ റ്റ ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)

- അപകടങ്ങളുടെ അവലോകനങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത് ജീവനക്കാർക്ക് കൂടുതലായി നോൺ ഫാറ്റൽ അപകടങ്ങൾ സംഭവിക്കുന്നു എന്നാണ് .കൃത്യമായ സുരക്ഷ മുൻകരുതലുകൾ പാലിക്കാത്തത് മൂലമാണ് ഇത്തരം അപകടങ്ങൾ സംഭവിക്കുന്നത്.
- സെക്ഷനുകളിലെ സൺറൈസ് മീറ്റിങ്ങുകളിൽ എല്ലാ ജീവനക്കാരും കൃത്യമായി പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് .
- സേഫ്റ്റി ഓഫീസർമാരും സൺറൈസ് മീറ്റിംഗ്കളിൽ പങ്കെടുക്കേണ്ടതാണ് .
- മറ്റ് റീജിയണുകളിൽ സംഭവിക്കുന്ന അപകടങ്ങളും സൺറൈസ് മീറ്റിങ്ങുകളിൽ ചർച്ച ചെയ്യേണ്ടതാണ് .
- എല്ലാ വൈദ്യുത പ്രവർത്തികൾക്കും സൂപ്പർവൈസർ ഉണ്ടായിരിക്കണം.
- സർപ്രൈസ് ഇൻസ്പെക്ഷനുകൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് .
- ഭയം ഇല്ലായ്മ അപകടത്തിന് വഴിയൊരുക്കും എന്ന് അഭിപ്രായപ്പെട്ടു .
- സോഷ്യൽ മീഡിയ വഴിയുള്ള സുരക്ഷ പ്രചരണങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതാണ്.
- ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിന് കീഴിൽ നടത്തിയ റീകണ്ടക്ടറിംഗ് പുരോഗതി വിശദീകരിച്ചു .
- റീ റീകണ്ടക്ടറിംഗ് ശരിയായ സ്ഥലങ്ങളിൽ നടത്തുന്നതിന് കൃത്യമായ ലൈൻ പെട്രോളിംഗ് ആവശ്യമാണ് .
- ലൈൻ പെട്രോളിങ് കൃത്യമായി സംഘടിപ്പിക്കുകയും കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിച്ചു പോകേണ്ടതുമാണ് .
- ഉൾപ്രദേശങ്ങളിലും സ്പേയ്സറുകൾ സ്ഥാപിക്കേണ്ടതാണ് .

- എല്ലാ ട്രാൻസ്ഫോർമർ എ ബി സ്വിച്ചുകളും പ്രവർത്തന ക്ഷമമാക്കേണ്ടതാണ് .
- ജിയോകേബിളുകളുമായി ബന്ധപ്പെട്ട് പവർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി പ്രതീക്ഷിക്കുന്നതായും അറിയിച്ചു .ലോ സെക്ഷനും കത്ത് നൽകിയിട്ടുണ്ട്.

TA to Director(REES,SOURA, Sports & Welfare & NILAAVU)

- എല്ലാ സെക്ഷൻ ഓഫീസുകളിലും ബോർഡ് നിർദ്ദേശിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ടു .

KSEBWA പ്രതിനിധി

- നല്ല രീതിയിൽ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുകയും അപകടരഹിതവുമായ സെക്ഷനുകളെ അനുമോദിക്കുന്നതിൽ അഭിനന്ദനം അറിയിച്ചു .
- പോസ്റ്റുകളിലെ ഉപയോഗശൂന്യമായ കേബിളുകൾ നിലവിൽ ജീവനക്കാർ കട്ട് ചെയ്യേണ്ട അവസ്ഥയാണ് .
- ജിയോ കേബിളുകളുടെ മൾട്ടിപ്പിൾ ഹാങ്ങിങ് പ്രശ്നം സൃഷ്ടിക്കുന്നുണ്ട് .
- സ്റ്റേസ്സ് മാനേജ്മെൻറ് ക്ലാസുകൾ ജീവനക്കാർക്കായി സംഘടിപ്പിക്കേണ്ടതാണ്.
- നിലവിൽ ലഭ്യമായ പുതിയ പോസ്റ്റുകളിൽ സ്ട്രാച്ച് വീഴുന്നതായും പൊട്ടുന്ന അവസ്ഥ കാണുന്നുണ്ട് .
- ഹാർഡ്‌വെയർ ഫിറ്റിങ്ങുകൾക്ക് പലതും ഗുണനിലവാരം ഇല്ലാത്തതാണ്. പെട്ടെന്ന് പൊട്ടിപ്പോകുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട് .
- ഇൻറർ ലിങ്കിംഗ് പോസ്റ്റുകളുടെ ലിസ്റ്റ് എല്ലാ ജീവനക്കാർക്കും കാണാൻ സാധിക്കുന്ന വിധത്തിൽ സെക്ഷൻ ഓഫീസുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- സൺറൈസ് മീറ്റിങ്ങുകളിൽ ഫീഡിങ് അറേഞ്ച്മെന്റിനെ കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്.
- സെക്ഷൻ ഓഫീസുകളിൽ ഓവർസിയർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്.
- പൊതുജനങ്ങൾക്കായി സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സാമൂഹിക മാധ്യമങ്ങൾ വഴി നിർവഹിക്കേണ്ടതാണ്.
- എല്ലാ സംഘടന പ്രതിനിധികളെയും സുരക്ഷാ കമ്മിറ്റി മീറ്റിംഗിൽ ഉൾപ്പെടുത്തുന്നതിന്

കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ പ്രതിനിധി വിയോജിപ്പ് പ്രകടിപ്പിച്ചു .

KSEBOA പ്രതിനിധി

- സേഫ്റ്റി പ്രൊസീജിയർ മോഡിഫൈ ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചതിൽ അഭിനന്ദനം അറിയിച്ചു .
- ഇക്യൂ പൊട്ടൻഷ്യൽ ബോണ്ടിംഗ് പരിശോധിക്കേണ്ടതാണ്.
- ഇന്റർ ലിങ്കിംഗ് പോസ്റ്റുകളിൽ ഡെഡ് സ്പാനിന്റെ ആവശ്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
- മതിയായ ക്ലിയറൻസ് ഇല്ലാതെ വൈദ്യുത ലൈനുകൾക്ക് സമീപം ജിയോ കമ്പനിയുടെ പോസ്റ്റുകൾ സ്ഥാപിച്ചതിനെതിരെ പെറ്റീഷൻ ഫയൽ ചെയ്യേണ്ടതാണ്.
- റോഡുകൾകുഴിക്കുന്നതിന് മുമ്പ് കെഎസ്ഇബിയിൽ അറിയിക്കുന്നതിനായി CALL BEFORE YOU DIG എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് ആലോചിക്കാവുന്നതാണ്.
- അപകടങ്ങളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ ബോർഡ് ജീവനക്കാർക്ക് കൂടുതൽ അപകടങ്ങൾ സംഭവിക്കുന്നു. എൽ ടി ലൈനുകളിലാണ് കൂടുതൽ അപകടങ്ങൾ സംഭവിക്കുന്നത്. അപകടങ്ങൾ വിശകലനം ചെയ്യുമ്പോൾ അപകടങ്ങളിന്മേൽ സ്വീകരിച്ച അച്ചടക്ക നടപടികൾ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.
- സേഫ്റ്റി പ്രൊസീജിയറിൽ പ്രായോഗികരമായ രീതിയിൽ മാറ്റങ്ങൾ കൊണ്ടുവരേണ്ടതാണ്.
- സർവീസ് കണക്ഷൻ നൽകുന്നതിനും DO ഫ്യൂസ് കെട്ടുന്നതിനും ഹോട്ട് ലൈൻ മെയിൻറനൻസ് ഉപയോഗപ്പെടുത്താവുന്നതാണ് .
- ഐ ടി യുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം .
- അപകടങ്ങൾ സംഭവിക്കുമ്പോൾ അന്വേഷണം നടത്തി ജീവനക്കാരെ ഡിസ്മിസ് ചെയ്യുന്ന പ്രവർത്തിയോട് അനുകൂലിക്കുന്നില്ല .
- സേഫ്റ്റി പ്രവർത്തനങ്ങൾ സ്മാർട്ട്-ൽ അപ്‌ലോഡ് ചെയ്യുവാൻ നടപടി സ്വീകരിക്കണം.
- PTW , വർക്ക് ഓതറൈസേഷൻ എന്നിവയ്ക്ക് സോഫ്റ്റ്‌വെയർ ഉപയോഗിക്കണം.
- വീടുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ് ചെയ്യുമ്പോൾ സംഭവിക്കുന്ന അപകടങ്ങളുടെ ചുമതല ബോർഡ് ഏറ്റെടുക്കുന്നതിൽ വിയോജിപ്പ് പ്രകടിപ്പിച്ചു .

KSEBEA പ്രതിനിധി

- സർക്കിളുകളിൽ ഏരിയൽ ലിഫ്റ്റ് വാങ്ങി നൽകിയതിന് അഭിനന്ദനങ്ങൾ അറിയിച്ചു.
- ഡിവിഷൻ തലത്തിൽ കൂടി ഏരിയൽ ലിഫ്റ്റുകൾ വാങ്ങി നൽകിയാൽ നന്നായിരുന്നു.
- മീറ്റിങ്ങുകളിൽ പല ആവശ്യങ്ങളും/നിർദ്ദേശങ്ങളും ഉന്നയിക്കുന്നുണ്ടെങ്കിലും തീരുമാനങ്ങൾ സ്വീകരിക്കുന്നതായി കാണുന്നില്ല.
- ജീവനക്കാരുടെ സേഫ്റ്റി ഉപകരണങ്ങൾ എച്ച് ആർ ഐ എസ് വഴി അപ്ഡേറ്റ് ചെയ്യണം .ഇതിനായി സ്മാർട്ട്- എച്ച് ആർ ഐ എസ് ഇൻറഗ്രേഷൻ ചെയ്യേണ്ടതാണ്.
- ഓവർസിയർ ആയി സ്ഥാനക്കയറ്റം ലഭിക്കുന്ന ലൈൻമാൻമാർക്ക് ഒരു ദിവസത്തെ ട്രെയിനിങ് മാത്രം നൽകി സബ്സ്റ്റേഷനുകളിൽ ഷിഫ്റ്റ് അസിസ്റ്റൻറ് ആയി നിയമിക്കുന്നതിന് വിയോജിപ്പ് പ്രകടിപ്പിച്ചു .ചില ട്രാൻസ്മിഷൻ സർക്കിളുകളിൽ ഒരു ദിവസത്തെ ട്രെയിനിങ് മാത്രം നൽകിയാൽ മതിയെന്ന നിർദ്ദേശം നിലനിൽക്കുന്നുണ്ട്. ഇത് പുന പരിശോധിക്കേണ്ടതാണ്. ഒരാഴ്ചയെങ്കിലും ട്രെയിനിങ് നൽകേണ്ടതാണ്.
- ഇലക്ട്രിക് വാഹനങ്ങൾ വീടുകളിൽ ചാർജ് ചെയ്യുമ്പോൾ സ്വീകരിക്കേണ്ടുന്ന സുരക്ഷാ മുൻകരുതലുകളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ് .
- സേഫ്റ്റി കമ്മിറ്റി മീറ്റിങ്ങുകളിൽ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതാണെന്ന് അറിയിച്ചു.

KPBOF പ്രതിനിധി

- സേഫ്റ്റി മീറ്റിങ്ങുകളിൽ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ പങ്കെടുപ്പിക്കണമെന്ന നിർദ്ദേശത്തെ അനുകൂലിച്ചു .
- അനധികൃത കേബിളുകൾ ബോർഡ് ഉത്തരവ് പ്രകാരം നീക്കം ചെയ്ത ചിലർക്ക് ട്രാൻസ്ഫർ നൽകിയിട്ടുള്ളതായി അറിഞ്ഞിട്ടുണ്ട് .
- പല സെക്ഷൻ ഓഫീസുകളിലും LT വർക്കുകൾക്ക് സൂപ്പർവൈസറുടെ കുറവ് അനുഭവപ്പെടുന്നുണ്ട് .
- ജീവനക്കാരുടെ അടിക്കടിയുള്ള ട്രാൻസ്ഫർ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന് അറിയിച്ചു.

KEOC പ്രതിനിധി

- സേഫ്റ്റി മീറ്റിങ്ങുകളിൽ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തെ അനുകൂലിച്ചു.

തലത്തിൽ ജീവനക്കാരുടെ WHATS APP കൂട്ടായ്മ രൂപികരിച്ചാൽ നന്നായിരിക്കും.

- ഇന്റർ ലിങ്കിംഗ് പോസ്റ്റുകളുടെ മാർക്കിങ്ങിന്റെ പുരോഗതി മീറ്റിങ്ങുകളിൽ റിവ്യൂ ചെയ്യുന്നത് നന്നായിരിക്കും .
- Alarm സൗകര്യമുള്ള സേഫ്റ്റി ഹെൽമെറ്റുകൾ ജീവനക്കാർക്ക് ലഭ്യമാക്കിയാൽ നന്നായിരുന്നു.

അധ്യക്ഷൻ

- ആവശ്യക്കാർക്ക് MIDEA ചേർത്തല മുഖാന്തരം പ്രസ്തുത ഉപകരണം നൽകുന്നുണ്ടെന്ന് അറിയിച്ചു .
- ഇൻറർ ലിങ്കിംഗ് മൂലം ഉള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ഇൻറർ ലിങ്കിംഗ് പോസ്റ്റുകൾ മാർക്ക് ചെയ്യുന്ന പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

KSEBOF പ്രതിനിധി

- കഴിഞ്ഞ മീറ്റിങ്ങുകളിൽ ആവശ്യപ്പെട്ട ഏരിയൽ ലിഫ്റ്റുകൾ പല ഓഫീസുകളിലും വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചതിൽ അഭിനന്ദനങ്ങൾ അറിയിച്ചു.
- വളരെയധികം ജോലി തിരക്കുകൾക്കിടയിലും സെക്ഷനോഫീസുകളിൽ സൺ റൈസ് മീറ്റിംഗ്-കൾ സംഘടിപ്പിക്കുന്ന ചീഫ് സേഫ്റ്റി കമ്മീഷണർക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.
- പുതുതായി വലിക്കുന്ന ലൈനുകൾ ABC ആക്കുന്നതിനായി ,ECSC റേറ്റ് പുതുക്കേണ്ടതാണ്.
- ജിയോ പോളുകൾ വളരെ അപകടകരമായ രീതിയിൽ പല സ്ഥലങ്ങളിലും ഇപ്പോഴും സ്ഥാപിച്ചിട്ടുണ്ട് പുതിയ പോളുകൾ സ്ഥാപിക്കുന്നതിന് അനുവാദം കൊടുക്കുന്നതിന് മുമ്പായി അപകടകരമായ നിലയിൽ സ്ഥാപിച്ചിരിക്കുന്ന നിലവിലുള്ള പോളുകൾ നീക്കം ചെയ്യിക്കേണ്ടതാണ്.
- നാച്ചുറൽ കലാമിറ്റി സമയത്ത് ഉണ്ടാകുന്ന അപകടങ്ങൾക്കും ജീവനക്കാരെ ഉത്തരവാദിയാക്കുന്ന പ്രവണതയുണ്ടെന്ന് സൂചിപ്പിച്ചു .
- പൊതു സ്ഥലംമാറ്റത്തിൽ 50% ജീവനക്കാരെ ഓഫീസുകളിൽ നിലനിർത്തുവാൻ സാധിക്കണം.പരിചയക്കുറവ് അപകടങ്ങൾ ക്ഷണിച്ചു വരുത്തുവാൻ സാധ്യതയുണ്ട്.
- National Safety Week-നോടനുബന്ധിച്ച് സുരക്ഷാ പ്രചാരണങ്ങൾ നല്ല രീതിയിൽ

നടത്തേണ്ടതാണ്.

- ഫീൽഡിൽ ലഭ്യമാകുന്ന മെറ്റീരിയലുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.
- സാമൂഹ്യ മാധ്യമങ്ങൾ വഴി പൊതുജന ബോധവൽക്കരണം നല്ല രീതിയിൽ നടത്തേണ്ടതാണ്.
- ജീവനക്കാരുടെ സ്ട്രസ്സ് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സെക്ഷനോഫീസുകൾക്ക് കീഴിലുള്ള എല്ലാ ട്രാൻസ്ഫോർമറുകൾക്കും ഫെൻസിംഗുകൾ സ്ഥാപിക്കേണ്ടതാണ്.
- Side arm- കൾ സ്ഥാപിക്കുന്നതിനാവശ്യമായ knee bracing-കൾ കൂടി വാങ്ങി നൽകേണ്ടതാണ്.

KSEB Officers Sangh പ്രതിനിധി

- സുരക്ഷാ മീറ്റിങ്ങുകളിൽ എല്ലാ സംഘടനാ പ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്.
- നിലവിലെ റബ്ബർ സേഫ്റ്റി ഗ്ലൗസുകൾ ലൈനിൽ വർക്ക് ചെയ്യുമ്പോൾ ഉപയോഗിക്കുന്നതിന് കഴിയുകയില്ല. വർക്ക് ചെയ്യുമ്പോൾ ഉപയോഗിക്കത്തക്ക വിധത്തിലുള്ള forward bending സേഫ്റ്റി ഗ്ലൗസുകൾ വാങ്ങി നൽകേണ്ടതാണ്.
- ഇലക്ട്രിസിറ്റി വർക്കർമാർക്കും സേഫ്റ്റി കിറ്റ് നൽകേണ്ടതാണ്.
- മൂന്ന് മാസത്തിലൊരിക്കൽ വൈദ്യുത സുരക്ഷ സംബന്ധിച്ച് മൈക്ക് അനൗൺസ്മെൻറ് പൊതുജന ബോധവത്കരണത്തിനായി നടത്തേണ്ടതാണ്.
- സുരക്ഷയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ മീറ്ററർറീഡർ മാരുടെ തെർമൽ റോൾ പേപ്പറിൽ ഉൾപ്പെടുത്തേണ്ടതാണ് .
- അനധികൃത കേബിളുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി തുടർന്ന് പോകേണ്ടതാണ് .

KOWO പ്രതിനിധി

- സർക്കിളുകളിൽ ഏരിയൽ ലിഫ്റ്റ് വാങ്ങി നൽകിയതിന് അഭിനന്ദനങ്ങൾ അറിയിച്ചു.
- വെഹിക്കിൾ മൗണ്ടഡ് അല്ലാത്ത കുറഞ്ഞ വിലയുള്ള ഏരിയൽ ലിഫ്റ്റുകൾ സബ് ഡിവിഷൻ തലത്തിൽ വാങ്ങി നൽകിയാൽ നന്നായിരുന്നു.
- ഗ്രാമീണ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം സുഗമമാക്കുന്നതിനായി AB switch-

കൾ കൂടുതലായി സ്ഥാപിക്കേണ്ടതാണ്.

- ചാനലുകളിൽ സുരക്ഷാ പരസ്യങ്ങൾക്കായി സ്ലോട്ടുകൾ എടുത്ത് പരസ്യങ്ങൾ നൽകുന്നതായിരിക്കും ഉചിതം എന്ന് അറിയിച്ചു. ഇതിനു ചിലവ് കുറവ് ആയിരിക്കും.

ചിലവു കുറഞ്ഞ ഏരിയൽ ലിഫ്റ്റ്-ന്റെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ അധ്യക്ഷൻ നിർദ്ദേശിച്ചു .

TA to Director(Distribution & SCM)

ആവശ്യത്തിനു AB switch-കൾ നിലവിൽ ലഭ്യമാണ് . സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കു റിപ്പോർട്ട് നൽകിയ ശേഷം ആവശ്യമുള്ള സ്ഥലങ്ങളിൽ AB switch-കൾ സ്ഥാപിക്കാവുന്നതാണ് . സ്ഥാപിച്ചതിനു ശേഷം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

TA to Director(Generation Electrical)

ജനറേഷൻ സുരക്ഷാ മാനുവലുകളുടെ ഹാർഡ് കോപ്പി തയ്യാറായിട്ടുണ്ട് എന്ന് അറിയിച്ചു .

അധ്യക്ഷൻ

- അനധികൃത കേബിളുകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇത്തരം കേബിളുകൾ നീക്കം ചെയ്യുന്ന പ്രവർത്തി വേഗത്തിൽ പൂർത്തിയാക്കി ജീവനക്കാർക്ക് പോസ്റ്റുകളിൽ കയറുന്നതിനായുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്. പോസ്റ്റുകളിൽ നിലവിലുള്ള കേബിൾ ടിവി കേബിളുകളുടെ മെഷ് ഒഴിവക്കുന്നതിനായും നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഏരിയൽ ലിഫ്റ്റ്-കൾ ബാക്കി സർക്കിളുകളിൽ കൂടി ഉടൻ ലഭ്യമാക്കും എന്ന് അറിയിച്ചു.
- മെറ്റീരിയലുകൾ ഫീൽഡ് ലെവലിൽ പർച്ചേസ് നടത്തുമ്പോൾ അവയുടെ ഗുണനിലവാരം പലപ്പോഴും പരിശോധക്കാറില്ല. ഇതിനു പരിഹാരമായി ഡിസ്ട്രിബ്യൂഷൻ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഫീൽഡിൽ പർച്ചേസ് ചെയ്യുന്ന 90% മെറ്റീരിയലുകൾക്കും വെണ്ടർ രജിസ്ട്രേഷൻ നടത്തുന്നുണ്ട് .
- അപകടങ്ങൾക്ക് ഉത്തരവാദിയായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നത് മറ്റുള്ളവരിൽ ജാഗ്രത വരുത്തുന്നതിന് സാധിക്കും.
- മതിയായ ക്ലിയറൻസ് ഇല്ലാതെ സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകളുടെ ലിസ്റ്റ് Additional Chief Electrical Inspector-ടെ നിർദ്ദേശം അനുസരിച്ച് അതത് ഇലക്ട്രിക്കൽ

ഇൻസ്പെക്ടറേറ്റുകൾക്ക് നേരിട്ട് കൈമാറി follow up ചെയ്യേണ്ടതാണ്. കൂടാതെ ഇത്തരം പോളുകൾ മാറ്റുന്നതിനായുള്ള പെറ്റീഷൻ ADM-ന് മുമ്പാകെ സമർപ്പിക്കേണ്ടതും ആണ്.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും അദ്ധ്യക്ഷൻ നന്ദി അറിയിച്ചു.

പകൽ 1-30 ന് യോഗനടപടികൾ അവസാനിച്ചു.

ചീഫ് എഞ്ചിനീയർ (SCM)

& ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് ,

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും

TA TO D(D,SCM&IT) / D(G &E) / D(G &C) / D(T, S O, P&S)/D(REES,SOURA,S&W)